## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 558** **08-10-2024 - ൽ മറുപടിയ്ക്ക്**

## തൃക്കരിപ്പൂരിൽ പുതിയ സബ്‌ട്രഷറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ നേരത്തെ ഉണ്ടായിരുന്ന വൺമാൻ ട്രഷറി നിർത്തലാക്കി പുതിയ സബ്‌ട്രഷറി അനുവദിക്കുമെന്ന് മുൻസർക്കാർ പ്രഖ്യാപിച്ചിട്ടും പ്രസ്തുത സബ്‌ട്രഷറി അനുവദിക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് അറിയിക്കാമോ? | (എ) | തൃക്കരിപ്പൂർ വൺമാൻ ട്രഷറി നിർത്തലാക്കിയത് പ്രസ്തുത വൺമാൻ ട്രഷറിയെ സബ് ട്രഷറിയായി ഉയർത്തുന്നതിന്റെ ഭാഗമായിട്ടായിരുന്നില്ല. 24/08/2011 ലെ സ.ഉ.(സാധാ) നം.6538/2011/ധന പ്രകാരം സംസ്ഥാനത്തെ മുഴുവൻ വൺമാൻ ട്രഷറികളും നിർത്തലാക്കിയിട്ടുണ്ട്. തൃക്കരിപ്പൂർ സബ് ട്രഷറിക്കായി ട്രഷറി വകുപ്പിന്റെ പേരിൽ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി ഈ വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ